# സ്വഭാവ ഗുണങ്ങൾ നൈസർഗികവും ആർജിതവും നബിവചനങ്ങളുടെ വെളിച്ചത്തിൽ ഒരു പഠനം

മാജിദ് ഇർസാൻ കൈലാനി

മനുഷ്യരുടെ മാനസിക പ്രകൃതികൾ അന്യോന്യം ഭിന്നമാണ്. ഓരോ മനുഷ്യനും ശാരീരികമായെന്ന പോലെ മാനസികമായും മറ്റുള്ളവരിൽനിന്ന് വ്യത്യസ്തനാണ്. ഇത് മനുഷ്യ


മാജിദ് ഇർസാൻ കൈലാനി

സാധാരണമായ ഒരു യാഥാർഥ്യമായി നാം കണ്ടുവരുന്നതാണ്. ബുദ്ധിപരമായ ഏറ്റവ്യത്യാസമെന്നപോലെ ശാരീരിക ബലം, ബലക്ഷയം, നീളം, നീളക്കുറവ്, ശരീരവണ്ണം, വണ്ണക്കുറവ്, ആരോഗ്യം, അനാരോഗ്യം, സൗന്ദര്യം, വൈരൂപ്യം മുതലായവയിൽ മനുഷ്യർ പലതരക്കാരാണല്ലോ. ഇതേപോലെ, മാനസികവും സ്വഭാവപരവുമായ പെരുമാറ്റങ്ങളും അതേക്കാൾ വിചിത്രമാം വിധം നാനാതരമാണ്.

ഉദാഹരണമായി, ചിലയാളുകൾ മറ്റു ചിലരേക്കാൾ കൂടുതൽ ഭയപ്രകൃതരായിരിക്കും. ചിലർക്ക് മറ്റു ചിലരേക്കാൾ കൂടുതൽ കൊതി കൂടുതലായിരിക്കും. ക്ഷിപ്രകോപം, വിവേകം, അവധാനത, സാവധാനം മാത്രം കോപിക്കുക മുതലായവയും ഉദാഹരണമായെടുക്കാം. ചിലർ അസാമാന്യ ക്ഷമാശേഷി പുലർത്തുന്നത് നാം കാണാറുണ്ടല്ലോ. സ്വഭാവരൂപവൽക്കരണത്തിൽ പശ്ചാത്തല സാഹചര്യങ്ങൾക്ക് കൂടുതൽ അവസരം ലഭിച്ചിട്ടില്ലാത്ത കുട്ടികളിൽ പോലും ഈ വൈവിധ്യവും വൈരുധ്യവും നാം കാണുന്നു. നൈസർഗികമായിത്തന്നെ ഓരോരുത്തരും ഭിന്ന പ്രകൃതരാണെന്നതിന്റെ വ്യക്തമായ ഉദാഹരണമാണിത്.

സ്വഭാവ പ്രകൃതിയിലെ ഈ നൈസർഗിക വൈവിധ്യത്തെക്കുറിച്ച് നബി(സ) തന്നെ വിശദീകരിച്ചിട്ടുണ്ട്:

إِنَّ بَنِي آدَمَ خُلِقُوا عَلَى طَبَقَاتٍ شَتَّى، أَلَا وَإِنَّ مِنْهُمُ الْبَطِيءَ الْغَضَبِ سَرِيعَ الْفَيْءِ، والسَرِيعُ الْغَضَبِ سَرِيعُ الْفَيْءِ، والبَطِيء الْغَضَبِ بَطِيءَ الْفَيْءِ، فَتِلْكَ بِتِلْكَ، أَلَا وَإِنَّ مِنْهُمْ بَطِيءَ الْفَيْءِ سَرِيعَ الْغَضَبِ، أَلَا وَخَيْرُهُمْ بَطِيءُ الْغَضَبِ سَرِيعُ الْفَيْءِ، وَشَرُّهُمْ سَرِيعُ الْغَضَبِ بَطِيءُ الْفَيْءِ.

‘നിശ്ചയം, ആദം സന്തതികൾ പലതരക്കാരാണ്. അറിയുക, തീർച്ചയായും അവരിൽ സാവധാനം മാത്രം ക്ഷോഭിച്ച് പെട്ടെന്ന് ക്ഷോഭമടങ്ങുന്നവരും, പെട്ടെന്ന് ക്ഷോഭിച്ച് വേഗത്തിൽ ക്ഷോഭമടങ്ങുന്നവരും, സാവധാനം ക്ഷോഭിച്ച് സാവധാനം അടങ്ങുന്നവരുമുണ്ട്. അറിയുക, അവരിൽ സാവധാനം അടങ്ങുന്നവരും വേഗത്തിൽ ക്ഷോഭിക്കുന്നവരുമുണ്ട്. അറിയുക, ഇവരിൽ ഏറ്റവും ഉത്തമർ സാവധാനം ദേഷ്യപ്പെട്ട് പെട്ടെന്ന് അടങ്ങുന്നവരും, ഏറ്റവും മോശം വേഗത്തിൽ ക്ഷോഭിച്ച് സാവധാനം അടങ്ങുന്നവരുമാണ്’ (തിർമിദി).

നബി(സ) പ്രസ്താവിച്ചതായി അബൂഹുറയ്റ(റ) ഉദ്ധരിക്കുന്നു:

” النَّاسُ مَعَادِنُ كَمَعَادِنِ الذَّهَبِ والْفِضَّةِ، خِيَارُهُمْ فِي الْجَاهِلِيَّةِ خِيَارُهُمْ فِي الإِسْلاَمِ إِذَا فَقُهُوا.

‘മനുഷ്യർ സ്വർണത്തിന്റെയും വെള്ളിയുടെയും ഖനിജങ്ങൾ പോലെയാണ്. ജാഹിലിയ്യാ കാലത്ത് ഉത്തമരായിരുന്നവർ ഇസ്‌ലാം സ്വീകരിച്ച ശേഷവും ഉത്തമരായിരിക്കും, അവർ അവഗാഹം നേടിയവരെങ്കിൽ’ (ബുഖാരി, മുസ്‌ലിം).

അബൂമൂസാ നബി(സ)യിൽനിന്ന് ഉദ്ധരിക്കുന്ന മറ്റൊരു വചനം കാണുക:

إِنَّ اللَّه خَلَقَ آدَمَ مِنْ قَبْضَةٍ قَبَضَهَا مِنْ جَمِيعِ الأَرْضِ، فَجَاءَ بَنُو آدَمَ عَلَى قَدْرِ الأَرْضِ، مِنْهُمُ الأَحْمَرُ وَالأَبْيَضُ وَالأَسْوَدُ وَبَيْنَ ذَلِكَ، وَالسَّهْلُ وَالْحَزْنُ، وَالْخَبِيثُ وَالطَّيِّبُ.

‘ഭൂമിയുടെ എല്ലാ ഭാഗങ്ങളിൽനിന്നുമായി എടുത്ത ഒരു പിടി മണ്ണിൽനിന്നാണ് അല്ലാഹു ആദമിനെ സൃഷ്ടിച്ചത്. അതിനാൽ ആദം സന്തതികൾ ഭൂമിയുടെ തരവും തോതുമനുസരിച്ചായി. അവരിൽ ചുകന്നവരും വെളുത്തവരും കറുത്തവരും അതിനിടയിലുള്ളവരുമുണ്ട്. അവരിൽ പരുക്കന്മാരും മൃദുലസ്വഭാവികളുമുണ്ട്. നല്ലവരും ചീത്തയാളുകളുമുണ്ട്’ (അഹ്മദ്, തിർമിദി, അബൂദാവൂദ്).

മനുഷ്യർ ഖനിജങ്ങൾ പോലെയാണെന്ന നബി(സ)യുടെ പരാമർശം മനുഷ്യരുടെ വ്യത്യസ്ത സ്വഭാവ പ്രകൃതികളെയാണ് സൂചിപ്പിക്കുന്നത്. നൈസർഗികമായിത്തന്നെ നന്മയുള്ളവരാണ് മറ്റുള്ളവരേക്കാൾ ഉത്തമരെന്നാണ് പ്രവാചക ബോധനം. ഈ സദ്ഗുണം അത്തരക്കാരുടെ എല്ലാ ജീവിതാവസ്ഥകളിലും കൂടപ്പിറപ്പായുണ്ടായിരിക്കും. അസംസ്കൃതമോ അനഭ്യസ്തമോ അനിസ്‌ലാമികമോ ആയ സമൂഹത്തിലെ മനുഷ്യരിലും ഏറ്റവും നല്ല സ്വഭാവ പ്രകൃതമുള്ളവരെ കാണാം. ആ സമൂഹത്തിലെ ഏറ്റവും ഉത്തമരും സൽപെരുമാറ്റത്തിൽ ഏറെ മികച്ചവരും അവരായിരിക്കും. തുടർന്ന് നാം അവരെ ശിക്ഷണം നൽകി സംസ്കരിക്കുകയും അനിസ്‌ലാമികതയിൽനിന്ന് രക്ഷിച്ചെടുക്കുകയും ചെയ്ത ശേഷം അവരിലെ ഉത്തമന്മാരെ വിവേചിച്ചെടുക്കാൻ ശ്രമിച്ചാൽ, നേരത്തേതന്നെ ഉത്തമ ഗുണമുണ്ടായിരുന്നവർ മറ്റുള്ളവരേക്കാൾ കൂടുതൽ മികച്ചവരായി മാറിയതായി കണ്ടെത്താൻ കഴിയും.

കാരണം, വിശ്വാസവും അറിവും സംസ്കരണവും ജന്മനാ നന്മയുള്ളവരെ വിവിധ മേഖലകളിൽ ഗുണപരമായി വളർത്തും. ദീനിൽ അവഗാഹം നേടുന്നതോടെ കൂടുതൽ കൂടുതൽ അവർ മികച്ചുകൊണ്ടേയിരിക്കും.

**മനുഷ്യർ ഖനിജങ്ങൾ പോലെയാണെന്ന നബി(സ)യുടെ പരാമർശം മനുഷ്യരുടെ വ്യത്യസ്ത സ്വഭാവ പ്രകൃതികളെയാണ് സൂചിപ്പിക്കുന്നത്. നൈസർഗികമായിത്തന്നെ നന്മയുള്ളവരാണ് മറ്റുള്ളവരേക്കാൾ ഉത്തമരെന്നാണ് പ്രവാചക ബോധനം. ഈ സദ്ഗുണം അത്തരക്കാരുടെ എല്ലാ ജീവിതാവസ്ഥകളിലും കൂടപ്പിറപ്പായുണ്ടായിരിക്കും. അസംസ്കൃതമോ അനഭ്യസ്തമോ അനിസ്‌ലാമികമോ ആയ സമൂഹത്തിലെ മനുഷ്യരിലും ഏറ്റവും നല്ല സ്വഭാവ പ്രകൃതമുള്ളവരെ കാണാം. ആ സമൂഹത്തിലെ ഏറ്റവും ഉത്തമരും സൽപെരുമാറ്റത്തിൽ ഏറെ മികച്ചവരും അവരായിരിക്കും.**

താഴെ നബിവചനം ഈ വസ്തുത അനാവരണം ചെയ്യുന്നുണ്ട്:

إِنَّ اللَّهَ تَعَالَى قَسَمَ بَيْنَكُمْ أَخْلاَقَكُمْ كَمَا قَسَمَ بَيْنَكُمْ أَرْزَاقَكُمْ.

‘തീർച്ചയായും അല്ലാഹു നിങ്ങൾക്കിടയിൽ നിങ്ങളുടെ ആഹാരവിഭവങ്ങൾ ഭാഗിച്ചതുപോലെ നിങ്ങൾക്കിടയിൽ നിങ്ങളുടെ സ്വഭാവങ്ങളെയും ഭാഗിച്ചിരിക്കുന്നു’ (ഹാകിം).

### നൈസർഗിക സ്വഭാവങ്ങൾ പ്രമാണങ്ങളിലൂടെ

മനുഷ്യ പ്രകൃതികളുടെ വൈവിധ്യം

”الناس معادن كمعادن الذهب والفضة، خيارهم في الجاهلية خيارهم في الإسلام إذا فقهوا، والأرواح جنود مجندة، فما تعارف منها ائتلف، وما تناكر منها اختلف.

‘മനുഷ്യർ സ്വർണത്തിന്റെയും വെള്ളിയുടെയും ഖനിജങ്ങൾ പോലെയാണ്. ഇസ്‌ലാം സ്വീകരിക്കുന്നതിനുമുമ്പ് ഉത്തമരായിരുന്നവർ, ഇസ് ലാം സ്വീകരിച്ചവരിലെ ഉത്തമരായിരിക്കും; അവർ ദീനിൽ വിജ്ഞാനം നേടിയാൽ. ആത്മാവുകൾ (പലതരം ആളുകൾ) ഒത്തുകൂടിയ സൈന്യങ്ങളാണ്. അവയിൽ ഒരേ ഗുണങ്ങളുള്ളത് അടുക്കുകയും സഹജ പ്രകൃതിയിൽ ഭിന്നത പുലർത്തുന്നവ അകലുകയും ചെയ്യും’ (മുസ്‌ലിം).

എല്ലാ മനുഷ്യരിലും സാമാന്യേന കാണുന്ന രണ്ട് മൗലിക സത്യങ്ങളാണ് ഈ നബിവചനത്തിലെ ഉള്ളടക്കം.

ഒന്ന്: ശരീരത്തിന്റെ രൂപവൽക്കരണം. രണ്ട്: മനസ്സിന്റെ രൂപവൽക്കരണം.

ശരീരത്തിന്റെ രൂപവൽക്കരണവുമായി ബന്ധപ്പെട്ട് നബി(സ) സുപ്രധാനമായ യാഥാർഥ്യമാണ് അനാവരണം ചെയ്യുന്നത്. അതായത്, എല്ലാ മനുഷ്യരും എല്ലാ തരത്തിലും ഒരുപോലെയല്ല. അന്യോന്യം ഭിന്നരാണ്. ഭൂമിയിലെ ഖനികളും മണ്ണും പാറകളുമെല്ലാം എത്രമാത്രം ഭിന്നമാണോ, അതേവിധം മനുഷ്യപ്രകൃതികളും സ്വഭാവങ്ങളും വൈജാത്യം പുലർത്തുന്നു. ഓരോ വ്യക്തിയും തനതു സവിശേഷതകളുള്ള ഏക വ്യക്തിത്വമാണ്. മറ്റൊരാളും അയാളെ പോലെ ഇല്ല. ചില സവിശേഷതകൾ ചിലരിൽ ഒരുപോലെ കണ്ടേക്കാമെങ്കിലും എല്ലാവരിലും ഒരേപോലെ കാണുകയില്ല.

മനുഷ്യർ തമ്മിൽ പൊതു മൗലിക സവിശേഷതകൾ ഒരുപോലെ പങ്കുവെക്കുന്നുണ്ട്. അതുപോലെ, ചില കാര്യങ്ങളിൽ ഭിന്നതയും പുലർത്തുന്നുണ്ട്. ചിലത് വ്യക്തിപരമായ സവിശേഷതകളാണ്. മറ്റു ചിലത് തരാതരം സ്വഭാവങ്ങളുടെ സവിശേഷതകളാണ്.

മനുഷ്യരിൽ ഒന്നാം ഘട്ടത്തിൽ സ്വഭാവപരവും പ്രകൃതിപരവുമായ വൈജാത്യങ്ങൾ നമുക്ക് ദൃശ്യമാകുന്നു. ബുദ്ധിസാമർഥ്യം, വിവിധ ശേഷികൾ പോലുള്ള ഇതര മാനസിക വൈഭവങ്ങൾ കൂടെക്കൂടെ തെളിയുന്നു. ഇത് നാം സൂക്ഷ്മപഠനത്തിന് വിധേയമാക്കുമ്പോൾ ഓരോ മനുഷ്യനും സ്വതന്ത്രവും വ്യത്യസ്തവുമായ വ്യക്തിത്വമാണെന്ന് മനസ്സിലാവും. എല്ലാ ഗുണങ്ങളിലും എല്ലാതരത്തിലും ഒരേ പോലെയുള്ള രണ്ടുപേരെ നമുക്ക് കാണാൻ കഴിയില്ല. അതിന്റെയർഥം, വ്യക്ത്യന്തരങ്ങൾ പരിഗണിച്ചുവേണം നാം ശിക്ഷണ നടപടികൾ സ്വീകരിക്കാനെന്നാണ്.

'ജനങ്ങൾ സ്വർണത്തിന്റെയും വെള്ളിയുടെയും ഖനിജങ്ങൾ പെലെയുള്ള ഖനിജങ്ങളാണ്' എന്ന നബിവചനമുൾക്കൊള്ളുന്ന പൊതു യാഥാർഥ്യത്തിന്റെ പ്രായോഗികമായ ഉദാഹരണമാണ്, 'ജാഹിലിയ്യാ കാലത്ത് ഉത്തമരായിരിക്കുന്നവർ ഇസ്‌ലാമിലും ഉത്തമരായിരിക്കും; അവർ അവഗാഹം നേടിയാൽ' എന്ന നബിവചനം. അതായത്, ജന്മനായുള്ള വ്യക്ത്യന്തരങ്ങളും സവിശേഷതകളും ആജീവനാന്തം തുടരുമെന്നർഥം. എങ്കിലും വിജ്ഞാനമാർജിച്ച് സദ്ഗുണങ്ങൾ വളർത്തുകയും ദുർഗുണങ്ങൾ തളർത്തുകയും ചെയ്യാൻ കഴിയും.

പ്രാഗ് ഇസ്‌ലാമിക കാലത്ത് ജീവിച്ച പലതരം നന്മകൾ ഉണ്ടായിരുന്നവരെ പ്രത്യേകം കണ്ടെത്തി അവരുടെ ഇസ്‌ലാമാശ്ലേഷം ആഗ്രഹിക്കുക എന്നത് നബി(സ)യുടെ രീതിയായിരുന്നു - 'അല്ലാഹുവേ, രണ്ട് ദാസന്മാരിൽ- ഉമറുബ്നുൽ ഖത്ത്വാബ്, അംറുബ്നു ഹിശാം- നിനക്ക് ഏറ്റവും പ്രിയപ്പെട്ടയാളിലൂടെ നീ ഇസ്‌ലാമിനെ ശക്തിപ്പെടുത്തേണമേ!' ഉമറിന്റെ കാര്യത്തിൽ തിരുമേനിയുടെ പ്രാർഥന സഫലമായി. ഉമർ ഇസ്‌ലാം സ്വീകരിച്ചു. ഇസ്‌ലാമാശ്ലേഷത്തിനു മുമ്പുതന്നെ ഉമറിലുണ്ടായിരുന്ന ചില സദ്ഗുണങ്ങളാണ് ഇതിന് വഴിയൊരുക്കിയത്. ജന്മനാ ദുർബലനായിരുന്ന അബൂദർറിന്, ചോദിച്ചു വന്നിട്ടും ഏതെങ്കിലും മേഖലയിൽ അധികാരം നൽകാതിരുന്നതും ഈ നൈസർഗിക ദൗർബല്യം പരിഗണിച്ചായിരുന്നു. തന്റെ ഖിലാഫത്ത് കാലത്ത് ഗവർണർമാരെയും ഉദ്യോഗസ്ഥരെയും തെരഞ്ഞെടുത്തപ്പോൾ ഉമർ(റ) തന്റെ തെരഞ്ഞെടുപ്പു വൈഭവം പ്രദർശിപ്പിക്കുകയുണ്ടായി. വ്യക്തികളുടെ ശേഷികളും സാധ്യതകളും കണ്ടെത്തി തദനുസൃതമായി ആളുകളെ നിയമിക്കുക എന്നതായിരിക്കും ബുദ്ധിമാനായ ശിക്ഷകന്റെ രീതി. ഇതിനു വിപരീതമായി, മനുഷ്യരുടെ പ്രകൃതി പരിഗണിക്കാതെ നിയമിക്കുന്നത് വിഡ്ഢിത്തമാണ്.

### ആത്മീയ ഘടന

الأَرْوَاحُ جُنُودٌ مُجَنَّدَةٌ فَمَا تَعَارَفَ مِنْهَا ائْتَلَفَ وَمَا تَنَاكَرَ مِنْهَا اخْتَلَفَ.

'ആത്മാവുകൾ (പലതരം ആളുകൾ) ഒത്തുകൂടിയ സൈന്യങ്ങളാണ്. അവയിൽ ഒരേ ഗുണങ്ങളുള്ളത് അടുക്കുകയും, സഹജ പ്രകൃതിയിൽ ഭിന്നത പുലർത്തുന്നവ അകലുകയും ചെയ്യും' (മുസ്‌ലിം) എന്ന നബിവചനം എല്ലാവരും പൊതുസവിശേഷതകൾ പങ്കുവെക്കുന്നുവെങ്കിലും ആത്മീയമായി മനുഷ്യർ വ്യത്യസ്തരാണെന്ന് പഠിപ്പിക്കുന്നു. അതായത്, മനുഷ്യർ ആത്മീയമായി ഒരു തരമല്ല, പലതരമാണ്. ചില മനുഷ്യർ തങ്ങളുടെ അതേ സവിശേഷതകളുള്ളവരുമായി സഹജമായ അടുപ്പം കാണിക്കുന്നു, ചിലർ തങ്ങളുടെ അതേ സവിശേഷതകൾ ഇല്ലാത്തവരിൽനിന്ന് ചിലരുമായി കടുത്ത അകലം പാലിക്കുന്നു. ചിലർ ചിലരുമായി വല്ലാതെ അടുക്കുന്നു. മറ്റുചിലർ ചിലരുമായി കുറഞ്ഞ അകലം പാലിക്കുന്നു. ചിലർ ചിലരുമായി കുറഞ്ഞ വൈരുധ്യം പുലർത്തുന്നു- ഇതെല്ലാം വ്യക്തികളിൽ നിലീനമായ സഹജ ഗുണങ്ങളുടെ തോതനുസരിച്ചും സ്വാഭാവിക പ്രതികരണം എന്ന നിലയിലുമായിരിക്കും.

മനുഷ്യരിലെ ആത്മീയ ഭാവങ്ങൾക്കനുസരിച്ചായിരിക്കും ഭൗതികലോകത്തെയും മനുഷ്യബന്ധങ്ങൾ. ഉദാഹരണമായി രണ്ടാളുകൾ തമ്മിൽ വിശദീകരിക്കാൻ കഴിയാത്ത വിധമുള്ള ബന്ധങ്ങൾ കാണുന്നുവെങ്കിൽ അത് ഭൗതികമായി വ്യാഖ്യാനിക്കാൻ കഴിയില്ല. ആത്മീയ ലോകത്ത് വിരുദ്ധാവസ്ഥയിലുള്ള പ്രകൃതികൾ ഭൗതിക ലോകത്തും അങ്ങനെ തന്നെയായിരിക്കും.

ഇബ്നു മസ്ഊദിൽനിന്ന്: അസ്കരി ഉദ്ധരിക്കുന്നു: 'ആത്മാവുകൾ (പലതരം ആളുകൾ) ഒത്തുകൂടിയ സൈന്യങ്ങളാണ്. തങ്ങൾക്ക് യോജിച്ചതുമായി ഓരോരുത്തരും ഒത്തുപോവുന്നു. ഉദാഹരണമായി, ഒരു സത്യവിശ്വാസി, ഒരു സത്യവിശ്വാസിയും നൂറു മുനാഫിഖുകളുമുള്ള ഒരു സദസ്സിൽ എത്തിച്ചേർന്നാൽ സത്യവിശ്വാസിയുടെ അടുത്തുപോയിരിക്കും. അതുപോലെ, ഒരു കപടവിശ്വാസി, ഒരു കപടവിശ്വാസിയും നൂറു സത്യവിശ്വാസികളുമുള്ള സദസ്സിൽ എത്തിയാൽ കപടവിശ്വാസിയുടെ അടുത്തുപോയിരിക്കും.' മുആദുബ്നു ജബലിൽനിന്ന് ദൈലമി പരമ്പര രേഖപ്പെടുത്താതെ ഉദ്ധരിക്കുന്നു: 'ഒരു സത്യവിശ്വാസി ആയിരം മുനാഫിഖുകളുള്ള ഒരു നഗരത്തിലെത്തിയാൽ അയാളുടെ ആത്മാവ് സദസ്സിലുള്ള സത്യവിശ്വാസിയുടെ ആത്മാവിനെ മണത്തറിയും.' ഈ നബിവചനത്തിന്റെ പശ്ചാത്തലമായി ഇബ്നുൽ ഖയ്യിം, 'സാദുൽ മആദി'ൽ എഴുതുന്നു:

ان امرأة بمكّة كانت تضحك الناس فجاءت إلى المدينة فنزلت على امرأة تُضْحِكُ النَّاس فقال النّبي(ص) الأرواح جنود مجنّدة. (الإمام أحمد)

**എല്ലാ മനുഷ്യരും എല്ലാ തരത്തിലും ഒരുപോലെയല്ല. അന്യോന്യം ഭിന്നരാണ്. ഭൂമിയിലെ ഖനികളും മണ്ണും പാറകളുമെല്ലാം എത്രമാത്രം ഭിന്നമാണോ, അതേവിധം മനുഷ്യപ്രകൃതികളും സ്വഭാവങ്ങളും വൈജാത്യം പുലർത്തുന്നു. ഓരോ വ്യക്തിയും തനതു സവിശേഷതകളുള്ള ഏക വ്യക്തിത്വമാണ്. മറ്റൊരാളും അയാളെ പോലെ ഇല്ല. ചില സവിശേഷതകൾ ചിലരിൽ ഒരുപോലെ കണ്ടേക്കാമെങ്കിലും എല്ലാവരിലും ഒരേപോലെ കാണുകയില്ല.**

ആളുകളെ ചിരിപ്പിച്ചിരുന്ന മക്കയിലെ ഒരു സ്ത്രീ മദീനയിലെത്തിയപ്പോൾ, ആളുകളെ ചിരിപ്പിച്ചിരുന്ന അവിടത്തെ ഒരു സ്ത്രീയുടെ അടുത്ത് താമസിച്ചു. അപ്പോൾ നബി(സ) 'ആത്മാവുകൾ (പലതരം ആളുകൾ) ഒത്തുകൂടിയ സൈന്യങ്ങളാണ്' എന്ന് പ്രതികരിക്കുകയുണ്ടായി.

**സൽസ്വഭാവങ്ങളും മഹിതമൂല്യങ്ങളും സ്വായത്തമാക്കാൻ കഴിയുമായിരുന്നില്ലെങ്കിൽ അല്ലാഹു അതിന് മനുഷ്യരെ നിർബന്ധിക്കുമായിരുന്നില്ല. സത്യത്തിൽ ഇത് മനുഷ്യന് അസാധ്യമൊന്നുമല്ല. ചിന്തയും ആലോചനയും വേണമെന്നു മാത്രം.**

**സഹജസ്വഭാവങ്ങൾ**

ബുഖാരിയും മുസ്‌ലിമും അബൂഹുറയ്‌റയിൽനിന്ന് ഉദ്ധരിക്കുന്നു:

قِيلَ: يا رسول الله، مَنْ أَكْرَمُ النَّاسِ ؟ قَالَ: أَتْقَاهُمْ . فقَالُوا: لَيْسَ عَنْ هَذَا نَسْأَلُكَ ؟ قَالَ: فيُوسُفُ نَبِيُّ اللَّهِ ابْنُ نَبِيِّ اللَّهِ ابْنِ نَبِيِّ اللَّهِ ابْنِ خَلِيلِ اللَّهِ . قَالُوا: لَيْسَ عَنْ هَذَا نَسْأَلُكَ. قَالَ: فعَنْ مَعَادِنِ الْعَرَبِ تَسْأَلُونِي ؟ فَخِيَارُهم فِي الْجَاهِلِيَّةِ خِيَارُهم فِي الإسْلاَمِ إِذَا فَقِهُوا.

ആരോ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, മനുഷ്യരിലെ ഏറ്റവും മാന്യൻ ആരാണ്? നബി: 'അവരിലെ ഏറ്റവും ഭക്തൻ.' സ്വഹാബികൾ: 'അതേപറ്റിയല്ല ഞങ്ങൾ താങ്കളോട് ചോദിക്കുന്നത്.' നബി: 'അല്ലാഹുവിന്റെ ആത്മസുഹൃത്തായ ഇബ്‌റാഹീമിന്റെ മകൻ അല്ലാഹുവിന്റെ നബിയായ ഇസ്ഹാഖിന്റെ മകനായ അല്ലാഹുവിന്റെ നബി യഅ്ഖൂബിന്റെ മകൻ യൂസുഫ്?' സ്വഹാബികൾ: 'ഞങ്ങൾ അതേ പറ്റിയല്ല ചോദിക്കുന്നത്?' നബി(സ): 'അറബികളിലെ ഖനിജങ്ങളെ പറ്റിയാണോ നിങ്ങൾ എന്നോട് ചോദിക്കുന്നത്? ജാഹിലിയ്യാ കാലത്ത് നല്ലവരായിരുന്നവർ ഇസ് ലാമിലും നല്ലവരായിരിക്കും; അവർ അവഗാഹം നേടിയെങ്കിൽ.'

ബോധവൽക്കരണത്തിൽ ചോദ്യത്തിനും ഉത്തരത്തിനുമുള്ള പങ്ക് വ്യക്തമാക്കുന്നതാണ് ഈ ഹദീസ്. നബി(സ)യുടെ ഏതവസ്ഥയും അധ്യാപകന്റേതായിരുന്നുവല്ലോ. സഖാക്കൾക്ക് മനസ്സിലാകുന്ന തൃപ്തികരമായ അളവിൽ മറുപടി പറയാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു.

'ജനങ്ങളിൽ ഏറ്റവും മാന്യൻ ആരാണെ'ന്ന ചോദ്യത്തിന്, അല്ലാഹുവിങ്കൽ ഏറ്റവും ആദരണീയൻ എന്നതിന് ഖുർആൻ നൽകിയ വ്യക്തത പോലെ 'ഏറ്റവും ഭക്തൻ' എന്ന് അവിടുന്ന് വിശദീകരിച്ചു. ഐഹിക ജീവിതത്തിൽ മനുഷ്യൻ തന്റെ പ്രവർത്തനങ്ങളിലൂടെ സമർപ്പിക്കുന്ന യഥാർഥ മൂല്യമാണ് ഭക്തി. ഈ മൂല്യത്തിന്റെ ബലത്തിലാണ് പാരത്രിക പ്രതിഫലം ലഭിക്കുന്നതും അല്ലാഹുവിന്റെ പ്രീതി നേടുന്നതും. അതുകൊണ്ടുതന്നെ ഏറ്റവും ഭക്തനായിരിക്കും അല്ലാഹുവിങ്കൽ ഏറ്റവും മാന്യൻ.

എന്നാൽ, 'ഇതേപറ്റിയല്ല ഞാൻ ചോദിക്കുന്നത്' എന്ന് സഖാക്കൾ പറഞ്ഞപ്പോൾ 'വംശപരമായി ആദരണീയർ' ആരാണെന്നതാണ് സ്വഹാബികൾ ആരായുന്നതെന്ന് അവിടുന്ന് ധരിച്ചു. മറുപടിയും അതനുസരിച്ചായി. 'അല്ലാഹുവിന്റെ ആത്മമിത്രമായ ഇബ്‌റാഹീമിന്റെ മകൻ (ഇസ്ഹാഖ്) അല്ലാഹുവിന്റെ നബിയുടെ മകൻ (യഅ്ഖൂബ്) അല്ലാഹുവിന്റെ നബിയുടെ മകൻ, അല്ലാഹുവിന്റെ നബി യൂസുഫ്.' മനുഷ്യരിലെ ശ്രേഷ്ഠർ നബിമാരാണല്ലോ. യൂസുഫ് നബിയുടെ വംശപരമ്പരയിൽ ധാരാളം പ്രവാചകന്മാർ വംശക്കണ്ണിയാവുന്നുണ്ട്. യൂസുഫ് നബിയും പിതാവ് യഅ്ഖൂബും വലിയുപ്പ ഇസ്ഹാഖും അദ്ദേഹത്തിന്റെ പിതാവ് ഇബ്‌റാഹീമും നബിമാരായിരുന്നുവല്ലോ? ഈ അർഥത്തിൽ യൂസുഫ് നബി ഏറ്റവും ശ്രേഷ്ഠനാണെന്നാണ് നബി(സ) പ്രതികരിച്ചത്. ഉടൻ സ്വഹാബികൾ സംശയമുന്നയിച്ചു: 'അതേപറ്റിയല്ല ഞങ്ങൾ അങ്ങയോട് അന്വേഷിച്ചത്.' ഇതുകേട്ടപ്പോൾ, നൈസർഗികമായോ ആർജിതമായോ ഏറ്റവും നല്ലവർ ആരാണെന്നാണ് സ്വഹാബികൾ ചോദിക്കുന്നതെന്ന്, മനസ്സിലാക്കിയ നബി(സ) 'ഏറ്റവും നല്ല സൽസ്വഭാവി'യാണെന്ന് അതിനു മറുപടിയായി വിശദീകരിച്ചു. ഈ നൈസർഗികഭാവം മനുഷ്യന്റെ എല്ലാ അവസ്ഥയിലും കൂടെയുണ്ടാവും. അനഭ്യസ്തമോ അനിസ്‌ലാമികമോ ആയ സമൂഹങ്ങളിലെ സ്വഭാവപരവും സാമൂഹിക ശ്രേഷ്ഠ ഗുണങ്ങളുള്ളവരെ അനിസ്‌ലാമികതയിൽനിന്ന് രക്ഷിച്ചെടുത്ത് വിദ്യാഭ്യാസം ചെയ്താൽ, നേരത്തേ മികച്ചുനിന്നവർ പുതിയ സാഹചര്യത്തിൽ കൂടുതൽ മികച്ചവരായി മാറിയതായി കാണാൻ കഴിയും. കാരണം, വിദ്യാഭ്യാസം സൽസ്വഭാവങ്ങളെയും പെരുമാറ്റങ്ങളെയും വിമലീകരിക്കും. അഗാധമായ ദീനീ ജ്ഞാനം മറ്റുള്ളവരേക്കാൾ അവരെ മികച്ചവരാക്കി മാറ്റും. എല്ലാ മനുഷ്യരിലും സഹജവും നൈസർഗികവുമായ ഗുണങ്ങൾ വ്യത്യസ്ത അളവിലാണുണ്ടാവുക എന്നും നബിവചനങ്ങൾ പഠിപ്പിക്കുന്നു.

**'അമാനത്ത്' എന്ന സദ്ഗുണത്തിന്റെ നൈസർഗികഭാവം**

حَدَّثَنَا رَسُولُ اللَّهِ صلى الله عليه وسلم حَدِيثَيْنِ، قد رَأَيْتُ أَحَدَهُمَا وَأَنَا أَنْتَظِرُ الآخَرَ، حَدَّثَنَا: أَنَّ الأَمَانَةَ نَزَلَتْ فِي جَذْرِ قُلُوبِ الرِّجَالِ، ثُمَّ نزل الْقُرْآنِ فعلموا من القرآن وعَلِمُوا مِنَ السُّنَّةِ .

ഹുദൈഫത്തുബ്നുൽ യമാൻ നബി(സ)യിൽനിന്ന് ഉദ്ധരിക്കുന്നു; നബി(സ) രണ്ടു കാര്യങ്ങളെക്കുറിച്ച് ഞങ്ങളോട് പറഞ്ഞു: അതിൽ ഒന്ന് ഞാൻ നേരിൽ കണ്ടു. മറ്റേത് ഞാൻ പ്രതീക്ഷിക്കുകയാണ്. 'മനുഷ്യഹൃദയത്തിൽ സ്വയം ഉടലെടുക്കുന്നതാണ് അമാനത്ത്' (ദൈവാനുസരണം, നന്മപാലിക്കുക, തിന്മ വർജിക്കുക) എന്നതാണ് നബി(സ) പറഞ്ഞതിൽ ഒന്നാമത്തെ കാര്യം. പിന്നീട് ഖുർആനിൽനിന്നും, ശേഷം സുന്നത്തിൽനിന്നും അവർ അത് മനസ്സിലാക്കുന്നു. (മനുഷ്യഹൃദയത്തിൽ നിന്നും) അമാനത്ത് എന്ന ഗുണം ഇല്ലാതാകുന്നതാണ് രണ്ടാമത്തെ കാര്യം. നബി(സ) പറഞ്ഞു: 'മനുഷ്യൻ ഉറങ്ങുമ്പോൾ അവന്റെ ഹൃദയത്തിൽനിന്നും അമാനത്ത് എന്ന ഗുണം പിടിച്ചുവെക്കപ്പെടും. തീ പൊള്ളിയ നേരിയ പാടുപോലുള്ള അടയാളം മാത്രമാണ് അവിടെ ഉണ്ടാവുക. അവൻ വീണ്ടും ഉറങ്ങുമ്പോൾ ബാക്കിയുള്ള അമാനത്തും പിടിക്കപ്പെടും. പിന്നീട് അവിടെ ബാക്കിയുണ്ടാവുക കാലിലേക്ക് ഉരുണ്ടുവീണ തീക്കനൽ കാരണം, തീപ്പൊള്ളി വീർത്ത പൊള്ളപോലെയുള്ള ഒന്നായിരി

ക്കും. അത് നിറഞ്ഞുനിൽക്കുന്നതായി നിനക്ക് തോന്നും, എന്നാൽ അതിൽ ഒന്നുമുണ്ടാവില്ല. ജനങ്ങൾ വീണ്ടും അവനുമായി, കൊടുക്കൽ-വാങ്ങലുകളിൽ ഏർപ്പെട്ടുകൊണ്ടിരിക്കും. അവരിലാരും വിശ്വസ്തത പാലിക്കുകയില്ല. അങ്ങനെ ആശ്ചര്യത്തോടെ അവർ 'ഇന്ന കുടുംബത്തിൽ ഒരു വിശ്വസ്തനുണ്ട്!' എന്ന് പറയാനിടയാവും. മറ്റൊരാളെക്കുറിച്ച് അവർ പറയും: 'അവനെത്രമാത്രം ബുദ്ധിമാനാണ്! സമർഥനാണ്! എത്ര ശക്തനും ക്ഷമാലുവുമാണ്.' പക്ഷേ, അവന്റെ ഹൃദയത്തിൽ ഒരു കടുകുമണിത്തൂക്കം പോലും ഈമാനുണ്ടായിരിക്കുകയില്ല.

എന്നാൽ ഒരു കാലം കഴിഞ്ഞുപോയിട്ടുണ്ട്. നിങ്ങളിലാരുമായാണ് ഞാൻ ക്രയവിക്രയം നടത്തുന്നതെന്ന് അന്ന് ഞാൻ ശ്രദ്ധിക്കാറില്ലായിരുന്നു. അവൻ മുസ്‌ലിമാണെങ്കിൽ ഇസ്‌ലാം അവനെ എന്റെയടുക്കൽ എത്തിക്കും, അവൻ ക്രിസ്ത്യാനിയാണെങ്കിൽ അവന്റെ അധികാരി അവനെ എന്റെയടുക്കലേക്ക് എത്തിക്കും.

(അവിടെ ഭരണാധികാരി നീതി നടപ്പാക്കുകയും എന്റെ അവകാശം വാങ്ങിത്തരികയും ചെയ്യും എന്നു സാരം) എന്നാൽ, ഇന്നാവട്ടെ ചില പ്രത്യേകയാളുമായല്ലാതെ ഞാൻ ക്രയവിക്രയം നടത്താറേയില്ല' (ബുഖാരി, മുസ്‌ലിം).

വിശ്വസ്തതാ വിഷയകമായി മനുഷ്യരുടെ അവസ്ഥയാണ് ഈ ഹദീസിൽ കൈകാര്യം ചെയ്തിരിക്കുന്നത്. മനുഷ്യരുടെ ഹൃദയങ്ങളുടെ ആന്തരാളത്തിൽ 'വിശ്വസ്തത' എന്ന ഗുണമുണ്ട്. സ്വഹാബികൾ ഖുർആനും ഹദീസും പഠിച്ച് അതിനെ വികസിപ്പിച്ച് 'വിശ്വസ്തതയുടെ പ്രയോക്താക്കളായി.' എല്ലാ മനുഷ്യരും മൗലികമായി സത്യസന്ധരാണെന്ന വസ്തുതയാണ് നബി(സ) ഇതിലൂടെ പഠിപ്പിക്കുന്നത്. മരത്തിന്റെ വേരാണ് അതിന് വളർച്ചയും പച്ചപ്പും പോഷണവും നൽകുന്നത്. ഇതുപോലെ ഹൃദയത്തിന്റെ ആന്തരതലത്തിൽ സത്യസന്ധത കുടിയിരിക്കുന്നു. വിവിധ കാലങ്ങളിലായി വിവിധ പ്രദേശങ്ങളിലായി വന്ന നബിമാർ സത്യസന്ധതയുൾപ്പെടെയുള്ള മൂല്യങ്ങളെ ദൈവിക മാർഗനിർദേശങ്ങളുടെ വെളിച്ചത്തിൽ പോഷിപ്പിച്ചെടുത്തു. ദൈവിക സത്യം കണ്ടെത്താൻ കഴിയുന്ന പ്രകൃതിയിലാണ് അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. സത്യവിശ്വാസവും സത്യസന്ധതയും മേൽ നൈസർഗിക ഭാവത്തിന്റെ പ്രകാശനമത്രെ. തുടരെത്തുടരെ വന്നുകൊണ്ടിരുന്ന നബിമാരെല്ലാം മനുഷ്യരെ അവരുടെ പൈശാചിക ഭാവത്തിൽനിന്ന് മോചിപ്പിച്ച് ശുദ്ധ പ്രകൃതിയിലേക്ക് തിരിച്ചുവിളിച്ചുകൊണ്ടേയിരുന്നു. എല്ലാ ബാഹ്യപ്രേരണകളെയും പൈശാചിക സമ്മർദങ്ങളെയും സാമൂഹിക സ്വാധീനങ്ങളെയും അഗണ്യമാക്കി നബി(സ) ലോകം കണ്ട ഏറ്റവും മഹിതമായ സമൂഹത്തെ വാർത്തെടുത്തു.

ഇതിൽനിന്ന് നമുക്ക് മനസ്സിലാവുന്നത്, എല്ലാ പരിഷ്കരണ പ്രവർത്തനങ്ങളും പ്രവാചക ശിക്ഷണത്തിന്റെ വെളിച്ചത്തിലും ബലത്തിലുമാവണമെന്നാണ്. 'ആരുമായാണ് ഇടപാട് നടത്തുന്നതെന്ന് നോക്കാതെ ഇടപാട് നടത്തിയിരുന്ന നബി(സ)യുടെ അനുയായികളുടെ കാലം കഴിഞ്ഞപ്പോൾ വിശ്വസിക്കാൻ പറ്റാത്ത സാഹചര്യമായി' എന്ന ഹുദൈഫയുടെ പ്രസ്താവന ശ്രദ്ധേയമാവുന്നത് ഈ പശ്ചാത്തലത്തിലാണ്. വിശ്വസ്തത സമൂഹത്തിൽനിന്ന് എടുക്കപ്പെട്ടുപോകുമെന്നും തീപ്പൊള്ളൽപാടുപോലെ മാത്രം അത് അവശേഷിക്കുമെന്നും, അതിന്റെ ഉള്ളിൽ ഒന്നും ഇല്ലാത്തതുപോലെ, സത്യസന്ധത ഇല്ലാതാവുമെന്നും സാരം. സാമൂഹിക സാഹചര്യങ്ങളാണ് ഈ വിധം മനുഷ്യരെ മൂല്യനിരാസരാക്കുന്നത്. ഇത് ചിലപ്പോൾ പെട്ടെന്നാവാം. പതുക്കെയാവാം. എല്ലാം ചോർന്നുകഴിഞ്ഞാൽ ഉള്ളു പൊള്ളയായി മാറും. ഹൃദയാന്തരാളത്തിൽ നിന്നുപോലും 'വിശ്വസ്തത' നീക്കം ചെയ്യപ്പെടും എന്നതിന്റെ വിവക്ഷ ബാഹ്യസമ്മർദങ്ങൾ അത്രമേൽ ശക്തമായിരിക്കും എന്നാണ്. മറ്റൊരു നബിവചനത്തിൽ ഇങ്ങനെ കാണാം:

بَادِرُوا بِالأَعْمَالِ فِتَنًا كَقِطَعِ اللَّيْلِ الْمُظْلِمِ يُصْبِحُ الرَّجُلُ مُؤْمِنًا وَيُمْسِي
كَافِرًا أَوْ يُمْسِي مُؤْمِنًا وَيُصْبِحُ كَافِرًا يَبِيعُ دِينَهُ بِعَرَضٍ مِنَ الدُّنْيَا

'ഇരുണ്ട നിശാഖണ്ഡങ്ങൾ പോലുള്ള കുഴപ്പങ്ങളെ കർമങ്ങൾകൊണ്ട് നിങ്ങൾ മറികടക്കുക. അന്ന് പ്രഭാതത്തിൽ മുസ്‌ലിമായിരിക്കുന്നവൻ വൈകുന്നേരം സത്യനിഷേധിയായി മാറും. വൈകുന്നേരം സത്യവിശ്വാസിയായിരുന്നവൻ പ്രഭാതത്തിൽ സത്യനിഷേധിയായി മാറും. ഭൗതിക താൽപര്യങ്ങൾക്കുവേണ്ടി ദീനിനെ വിൽക്കുന്ന സാഹചര്യമുണ്ടാവും' (മുസ്‌ലിം).

### സ്വഭാവമൂല്യങ്ങളും മനുഷ്യരുടെ സ്വീകരണ ക്ഷമതയും

മനുഷ്യരുടെ സ്വഭാവങ്ങൾ പ്രകൃതിദത്തവും നൈസർഗികവുമാണെങ്കിൽ അല്ലാഹു മനുഷ്യനെ പരീക്ഷിക്കുന്നതെന്തിനാണ്? മനുഷ്യ പ്രകൃതികളാണ് മനുഷ്യരുടെ മൊത്തം സ്വഭാവങ്ങളെ സ്വാധീനിക്കുന്നതെങ്കിൽ, മനുഷ്യപ്രകൃതികൾ വ്യത്യസ്തമാണെങ്കിൽ ശിക്ഷണം കൊണ്ടെന്തു പ്രയോജനമാണുള്ളത്? സ്വതസിദ്ധമായ സ്വഭാവങ്ങളെ മാറ്റിയെടുക്കാൻ പറ്റുമോ?

മറുപടി: എല്ലാ ദൈവിക ശാസനകൾക്കു പിന്നിലും ഒരു സ്ഥാപിത യാഥാർഥ്യമുണ്ട്. അല്ലാഹു ഒരാളെയും അയാളുടെ കഴിവിന്നതീതമായി നിർബന്ധിക്കുന്നില്ല. ഏതൊരു മനുഷ്യനും തന്റെ കഴിവിന്റെ പരിധിയിൽ വരുന്നതിലേ ഉത്തരവാദിത്വമുള്ളൂ. കഴിയുന്ന പ്രവൃത്തികളിൽ മാത്രമേ ബാധ്യതയുള്ളൂ. കഴിവിന്നതീതമായ ഒന്നിലും യാതൊരു ഉത്തരവാദിത്വവുമില്ല. കഴിവിന്റെ തോതെത്രയോ അതനുസരിച്ചു മാത്രമേ ചോദ്യം ചെയ്യപ്പെടുകയുള്ളൂ.

ബലവാനും ദുർബലനും ബുദ്ധിമാനും ഭോഷനുമെല്ലാം അവരവരുടേതായ തലങ്ങളിലാണ് വിചാരണ ചെയ്യപ്പെടുക. പക്ഷേ, പരീക്ഷയുടെ രൂപങ്ങൾ വ്യത്യസ്തമായിരിക്കും. ചിലരെ അല്ലാഹു സമ്പത്ത് നൽകി പരീക്ഷിക്കും. ചിലരെ ദാരിദ്ര്യത്തിലൂടെ പരീക്ഷിക്കും. ചിലരെ നായകരാക്കും. ചിലർ സൈനികരായിരിക്കും. ചിലർക്ക് കൂടുതൽ ആൺമക്കളെ നൽകും. മറ്റുചിലർക്ക് പെൺമക്കളെയും. ചിലർക്കാകട്ടെ ആൺമക്കളും പെൺമക്കളുമുണ്ടാവും. ആരായിരുന്നാലും ലഭ്യമായ അനുഗ്രഹങ്ങളുടെ തോതനുസരിച്ചായിരിക്കും പരീക്ഷണം. ശാരീരികവും മാനസികവുമായ രണ്ടു ശേഷികളും പരീക്ഷണത്തിൽ പരിഗണിക്കപ്പെടും. വിചാരണയിലും

അത് പരിഗണിക്കപ്പെടും. എന്നിട്ട് അനുസരണത്തിന്റെയും അതിനായി ചെലവഴിച്ച ശാരീരികവും മാനസികവുമായ വ്യയത്തിന്റെയും തോതനുസരിച്ച് നീതിപൂർവകമായി പ്രതിഫലം നൽകും. ധിക്കാരത്തിന്റെ തോതനുസരിച്ച് ശിക്ഷയും ലഭിക്കും.

അല്ലാഹുവിന്റെ ത്രാസിൽ അണുമണിത്തൂക്കം നന്മയും തിന്മയും ഘനം തൂങ്ങാതെ പോവില്ല. അല്ലാഹുവിന്റെ ജ്ഞാനത്തിൽനിന്ന് ചെറുതോ വലുതോ ആയ ഉദ്ദേശ്യമോ കർമമോ വിട്ടുപോവില്ല. 'ആരെങ്കിലും അണുത്തൂക്കം നന്മ ചെയ്താൽ അയാൾ കാണും. ആരെങ്കിലും അണുത്തൂക്കം തിന്മ ചെയ്താൽ അയാൾ കാണും. അല്ലാഹു ഒരാളെയും അയാൾക്ക് നൽകിയതിനനുസൃതമായല്ലാതെ നിർബന്ധിക്കുന്നില്ല.' അല്ലാഹു ഒരാത്മാവിനെയും അതിന്റെ കഴിവനുസരിച്ചല്ലാതെ നിർബന്ധിക്കുന്നില്ല.

മനുഷ്യന്റെ ഇഛയുടെയും കഴിവിന്റെയും പരിധിയിൽപെടുന്ന മാറ്റത്തിരുത്തലുകൾ വരുത്താൻ കഴിയുന്ന എത്ര ചെറിയ കാര്യവും അല്ലാഹുവിന്റെ വിചാരണക്ക് വിധേയമായിരിക്കും. അല്ലാത്തവ വിചാരണക്ക് വിധേയമാവില്ല. ഇതിന്റെയടിസ്ഥാനത്തിലെല്ലാം നമുക്ക് ഇങ്ങനെ മനസ്സിലാക്കാം: സൽസ്വഭാവങ്ങളും മഹിതമൂല്യങ്ങളും സ്വായത്തമാക്കാൻ കഴിയുമായിരുന്നില്ലെങ്കിൽ അല്ലാഹു അതിന് മനുഷ്യരെ നിർബന്ധിക്കുമായിരുന്നില്ല. സത്യത്തിൽ ഇത് മനുഷ്യന് അസാധ്യമൊന്നുമല്ല. ചിന്തയും ആലോചനയും വേണമെന്നു മാത്രം.

വിവിധ വിഷയങ്ങൾ പഠിക്കുന്നതിന് മനുഷ്യർക്കുള്ള സന്നദ്ധത വ്യത്യസ്തമായാണല്ലോ നാം കാണുന്നത്. ചിലർക്ക് സുകുമാര കലകൾ വേഗത്തിൽ വഴങ്ങും. ചിലർക്ക് ബൗദ്ധിക വിഷയങ്ങളാണ് കൂടുതൽ പഥ്യം. മറ്റുചിലർക്ക് ചരിത്രവും പ്രമാണപഠനവുമായിരിക്കും കൂടുതൽ പ്രിയം- ഈ ഏറ്റവ്യത്യാസങ്ങൾ വസ്തുതയാണെങ്കിലും എല്ലാ മനുഷ്യരിലും എല്ലാ വിഷയങ്ങളും പഠിക്കാനാവശ്യമായ മൗലികവും സ്വാഭാവികവുമായ സന്നദ്ധതയുണ്ട്. ദുർബലർക്ക് ദുർബലരുടെ തോതിൽ, ശക്തർക്ക് അവരുടേതായ തോതിൽ. പഠനത്തിലെ ഈ വ്യത്യാസങ്ങൾ പോലെ തന്നെയാണ് സ്വഭാവശീലങ്ങളുടെ അഭ്യസനവും. ഒരാൾ ഏതളവിൽ സൽസ്വഭാവങ്ങൾ ശീലിക്കാൻ ശ്രമിച്ചുവോ, ഏതളവിൽ നേടിയെടുക്കാൻ അയാൾക്ക് കഴിഞ്ഞിരുന്നുവോ, ആ അളവിൽ അയാൾ അല്ലാഹുവിങ്കൽ വിചാരണ ചെയ്യപ്പെടും. പ്രതിഫലം നൽകപ്പെടും.

ഉദാഹരണമായി, ക്ഷിപ്രകോപിയായ ആൾക്ക് വിവിധ ശിക്ഷണങ്ങളിലൂടെ ക്രമേണ വിവേകഗുണം ശീലിക്കാൻ കഴിയും. ഇഛാശക്തിയുണ്ടെങ്കിൽ സുസാധ്യമാണത്. അതിനാൽ തന്നെ തന്നാൽ സാധ്യമായത് ചെയ്യാൻ അയാൾ ശ്രമിക്കണം. ശ്രമിച്ചില്ലെങ്കിൽ അയാൾ ചോദ്യം ചെയ്യപ്പെടും.

കൈവശമുള്ളതെല്ലാം ഇറുകെപിടിച്ച് പിശുക്ക് കാണിക്കുന്നയാൾക്ക് വേണമെങ്കിൽ ദാനശീലം വഴക്കിയെടുക്കാൻ പറ്റും. അതിന് അയാൾ ശ്രമിച്ചോ എന്നത് അല്ലാഹുവിങ്കൽ ചോദ്യം ചെയ്യപ്പെടും. ഇതുതന്നെയാണ് ഭീരുവിന്റെയും അവസ്ഥ. ജന്മനാ ധീരനായ ഒരാളുടെ നിലവാരത്തോളമെത്തിയില്ലെങ്കിലും അയാൾ എത്രത്തോളം അല്ലാഹുവിങ്കൽ ഉത്തരവാദിയാണോ ആ അളവിൽ അയാൾക്ക് ധീരനാവാൻ കഴിയും. ഇതേപോലെ, ജന്മനാ സഹകാരിയല്ലാത്ത ആൾക്ക് ഇഛാപൂർവമായ സ്വയംശിക്ഷണത്തിലൂടെ പരക്ഷേമതൽപരത വളർത്തിയെടുക്കാൻ കഴിയും. ജന്മനാ പരക്ഷേമതൽപരതാ ഗുണമുള്ളവരുടെ അളവിൽ അയാൾക്ക് ഉയരാൻ കഴിഞ്ഞില്ലെങ്കിലും അന്യരോട് കാണിക്കേണ്ട അളവിൽ പരക്ഷേമ തൽപരത അയാൾക്ക് നേടാൻ കഴിഞ്ഞേക്കും. ഈ വിധം ഏതു മനുഷ്യനും ഏതു ഗുണവും വലിയ തോതിൽ മാറ്റിയെടുക്കാൻ കഴിയും. വ്യക്ത്യന്തരങ്ങൾ യാഥാർഥ്യമാണെങ്കിലും വൈജ്ഞാനികമോ കലാപരമോ നൈപുണിപരമോ ആയ മേഖലകളിൽ ദൈവദത്തമായ കഴിവുപയോഗിച്ച് നേട്ടങ്ങളുണ്ടാക്കാൻ കഴിയും. ഈ തത്ത്വത്തിലൂന്നിയാണ് എല്ലാ ദൈവിക കൽപനകളും മനുഷ്യർക്ക് ബാധകമാവുന്നത്. ഇതേ തുടർന്ന് ഓരോരുത്തർക്കും തന്നാലാവുന്നത് എത്രയാണോ അതിനനുസരിച്ച് അയാൾ പ്രവർത്തിച്ചിരിക്കണം. ഈ പൊതു മാനദണ്ഡത്തിനപ്പുറം ചിലർക്ക് സാമാന്യ കഴിവിനു പുറമെ കൂടുതലായി എന്തെങ്കിലുമുണ്ടെങ്കിൽ അതിനനുസരിച്ചും പ്രവർത്തിക്കാൻ അയാൾ ബാധ്യസ്ഥനായിരിക്കും. ചിലർക്ക് എളുപ്പത്തിൽ സദ്ഗുണങ്ങൾ നേടിയെടുക്കാൻ കഴിയും. മറ്റു ചിലർക്ക് സാവധാനമേ സാധ്യമാവൂ. ചിലർക്ക് ചെറുശ്രമം മതിയാകും. ഇനിയും ചിലർക്ക് കൂടുതൽ ശ്രമിക്കേണ്ടതായി വരും.

ഇത്രയും വിശദീകരിച്ചതിൽനിന്ന് മനുഷ്യസ്വഭാവങ്ങൾ നൈസർഗികം, ആർജിതം എന്നിങ്ങനെ രണ്ടുതരമാണെന്ന് മനസ്സിലായി.

ചിലയാളുകളിൽ ചെറുപ്പകാലംതൊട്ടേ ചില സ്വഭാവങ്ങൾ പ്രകടമായി കാണാം. ചില സ്വഭാവങ്ങൾ സാമൂഹിക ചുറ്റുപാടിൽനിന്നും അനുഭവങ്ങളിൽനിന്നും മറ്റും രൂപം കൊള്ളുന്നവയാണ്. നൈസർഗികമായി ലഭ്യമായ ഗുണങ്ങളെ പരിശീലനത്തിലൂടെ പോഷിപ്പിച്ചെടുക്കാൻ കഴിയും. ഏതെങ്കിലും നൈപുണി നേടിയെടുക്കാൻ നൈസർഗികമായിത്തന്നെ ശേഷിയുള്ള അവയവത്തിന് പരിശീലിക്കാൻ കഴിഞ്ഞാൽ കൂടുതൽ മികവുനേടാൻ കഴിയും. എന്നാൽ ഈ നൈസർഗിക ശേഷി ഇല്ലാത്ത അവയവത്തിന് പരിശീലിച്ചെടുക്കുക പ്രയാസമായിരിക്കും. ഇതുതന്നെയാണ് സ്വഭാവങ്ങളുടെയും സ്ഥിതി. ഉദാഹരണമായി ജന്മനാ ഭീരുവായ മുയലിനെ പരിശീലനത്തിലൂടെ പൂച്ചക്ക് സമാനം ധീരനാക്കാൻ കഴിയില്ല. അതിനു നടത്തുന്ന ശ്രമം വിജയിക്കില്ല. ഇതുതന്നെയാണ് മനുഷ്യരുടെയും കഥ. ജന്മനാ ഏതെങ്കിലും ഗുണമില്ലാത്തവരെ അത് അഭ്യസിപ്പിച്ചെടുക്കുക അസാധ്യമാണെന്നതാണ് വാസ്തവം.

നൈസർഗിക ഗുണങ്ങൾ വികസനക്ഷമമാണ്. വിദ്യാഭ്യാസത്തിലൂടെയും പരിശീലനത്തിലൂടെയും അനുഭവത്തിലൂടെയും അവ നന്നാക്കിയെടുക്കാനും സംസ്കരിക്കാനും ക്രമപ്പെടുത്താനും കഴിയും. വ്യത്യസ്ത ചുറ്റുപാടുകളിൽ ജീവിക്കുന്ന മനുഷ്യരുടെ അനുഭവങ്ങളിൽനിന്ന് ഇത് നമുക്ക് എളുപ്പം ഗ്രാഹ്യമാവും. ●

വിവ: **അബ്ദുല്ലത്വീഫ് കൊടുവള്ളി**